(1867) എം.വി.ഐ.പി. പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം

ശ്രീ. ടി.എം. ജേക്കബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.വി.ഐ.പി. പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഏതെല്ലാം പണികളെ സംബന്ധിച്ചാണ് വിജിലൻസ് അന്വേഷണം ആരംഭിച്ചത്;

(ബി) ഈ പണികളുടെ കരാർ എടുത്തിരിക്കുന്നത് ആരെല്ലാമാണ് എന്ത് തുകയ്ക്കാണ് കരാർ എടുത്തിട്ടുള്ളത്;

(സി) എം.വി.ഐ.പി., ആർ.ബി.പി, എൽ.ബി.സി. എന്നിവയുടെ പണികൾ തീർന്നിട്ടുണ്ടോ; അവശേഷിക്കുന്ന പണികളുടെ വിശദാംശം നൽകുമോ;

(ഡി) ബ്രാഞ്ച് കനാലുകളുടെയും മൈനർ ഡിസ്ട്രിബ്യൂട്ടറികളുടെയും നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ദൂരം എത്രയാണ്; ഇതിൽ എത്ര ദൂരം പണികൾ പൂർത്തിയാക്കിയിട്ടുണ്ട്; അവശേഷിക്കുന്ന പണികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മൂവാറ്റുപുഴവാലി ജലസേചനപദ്ധതിയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കരാറുകാർ സ്വന്തമായി സിമന്റും കമ്പിയും കൊണ്ടുവന്നുചെയ്യുന്ന രീതിയിൽ ക്രമീകരിച്ച പണികളെ കുറിച്ചാണ് വിജിലൻസ് അന്വേഷണം ആരംഭിച്ചത്. ഇത്തരത്തിലെ 56 പണികളുടെ ലിസ്റ്റ് അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.†

(ബി) അനുബന്ധം -2 ആയി ചേർത്തിരിക്കുന്നു.†

(സി) എം.വി.ഐ.പി.യുടെ എൽ.ബി.എം.ഡി., ആർ.ബി.എ.സി. എന്നിവയുടെ പുരോഗതി റിപ്പോർട്ട് താഴെപ്പറയും പ്രകാരമാണ്.

1. എൽ.ബി.എം.സി.

ആകെ നീളം	പണിതീർന്ന നീളം	പുരോഗമിക്കുന്ന നീളം	ബാക്കി
37.10 കി.മി	33.179 കി.മി	3.921 കി.മി	--

2. ആർ.ബി.എം.സി

28.337 കി.മി	16.27 കി.മി	6.675 കി.മി	5.392 കി.മി
		2.867 കി.മി	
		3.808 കി.മി	

(വിജിലൻസ് കേസ്)

എം.വി.ഐ.പി യുടെ കീഴിലുള്ള ബ്രാഞ്ച് കനാലുകളുടെയും ഡിസ്ട്രിബ്യൂട്ടറികളുടെയും പുരോഗതി റിപ്പോർട്ട് താഴെപ്പറയും പ്രകാരമാണ്.

1. ബ്രാഞ്ച് കനാൽ

---

† † † ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആകെ നീളം	പണി തീർന്നത്	പണി പുരോഗമിക്കുന്നത്	ബാക്കി
കി.മി	കി.മി	കി.മി	കി.മി
58.50	15.865	28.485	14.15
		14.517+	
		13.968	

(വിജിലൻസ് കേസ്)

2. ഡിസ്ട്രിബ്യൂട്ടറികൾ

ആകെ നീളം	പണി തീർന്നത്	പണി പുരോഗമിക്കുന്നത്	ബാക്കി
കി.മി	കി.മി	കി.മി	കി.മി
164	25.022	70.892	88.086
		65.13+	
		5.762	

(വിജിലൻസ് കേസ്)

(1873) കായംകുളം താപനിലയത്തിലെ പദ്ധതി ബാധിതർ

ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം താപനിലയത്തിലെ പദ്ധതി ബാധിതർ ഇപ്പോൾ എന്തെല്ലാം അടിയന്തിരാവശ്യങ്ങളാണ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളത്;

(ബി) ഇവർക്ക് എൻ.ടി.പി.സി. ഇതുവരെ നൽകിയ ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് അറിയുമോ;

(സി) നിലവിലുള്ള നിയമവും കീഴ്വഴക്കവും പ്രകാരം പദ്ധതി ബാധിതർക്ക് നൽകേണ്ട എല്ലാ ആനുകൂല്യങ്ങളും എൻ.ടി.പി.സി. ഇതിനകം നൽകിക്കഴിഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇനിയും നൽകേണ്ടത് എന്ന് വെളിപ്പെടുത്തുമോ;

(ഇ) അവശേഷിക്കുന്ന ആനുകൂല്യങ്ങൾ നൽകണമെന്ന് സർക്കാർ എൻ.ടി.പി.സി. യോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(എഫ്) എൻ.ടി.പി.സി. യിലെ ഐ.ആർ.സി. യോഗം അവസാനം കൂടിയത് എന്നാണ്;

(ജി) ഐ.ആർ.സി. യോഗം കൂടാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(എച്ച്) ഐ.ആർ.സി. തീരുമാനപ്രകാരം പദ്ധതി ബാധിതരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ഐ) എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ;

(ജെ) ഐ.ആർ.സി. തീരുമാനത്തിന്റെ വിശദവിവരങ്ങൾ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly